**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയതിനു ശേഷം അസിസ്റ്റന്റ് സർജനായി നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1. ഉത്തരവ് നം. ഇ.എ3- 11772/17/ആ.വ.ഡ തീയതി 17.05.2017
2. ഉദ്യോഗാർത്ഥികളുടെ അപേക്ഷ

**ഉത്തരവ് നം. ഇ.എ3-11772/17/ആ.വ.ഡ തീയതി 24.05.2018**

താഴെ പറയുന്ന ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശയിൽ അസിസ്റ്റന്റ് സർജനായി പരാമർശം (1) പ്രകാരം നിയമന ഉത്തരവ് നൽകിയെങ്കിലും ടി വ്യക്തികളുടെ അപേക്ഷ പ്രകാരം പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ പരാമർശം (2) പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി വ്യക്തികളെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

| നം | പേരും മേൽവിലാസവും | പ്രവേശന കാലാവധി പൂർത്തിയായ തീയതി | പ്രവേശി ക്കേണ്ട തീയതി | നിയമിക്കപ്പെട്ട സ്ഥലം |
|---|---|---|---|---|
| 1 | ഡോ. ബിബിൻ സാജൻ<br>സാജു മന്ദിരം, കയില,<br>മൈലോട്.പി.ഒ, കൊട്ടാരക്കര,<br>കൊല്ലം | 29.05.2018 | 04.06.2018 | പ്രാഥമികാരോഗ്യ കേന്ദ്രം കോയിപ്പുറം<br>പത്തനംതിട്ട |
| 2 | ഡോ. ചന്ദ്രജിത്ത്.സി<br>പല്ലവി, പാട സൗത്ത്,<br>കരുനാഗപ്പള്ളി.പി.ഒ, കൊല്ലം | 30.06.2018 | 04.06.2018 | കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ<br>താലൂക്ക് ആശുപത്രി ഹരിപ്പാട്<br>ആലപ്പുഴ |
| 3 | ഡോ. റിസ്വാൻ.എം. റഫീക്ക്<br>ആഞ്ഞിലി പറമ്പിൽ,<br>കാഞ്ഞിരം ചിറ, ആലപ്പുഴ | 30.07.2018 | 04.06.2018 | സാമൂഹികാരോഗ്യ കേന്ദ്രം തണ്ണീർമുക്കം<br>ആലപ്പുഴ |

ടി ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ മുൻപാകെ ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. ജനറൽ ട്രാൻസ്ഫർ നടത്തുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ ഈ ഉത്തരവ് പുന: പരിശോധിക്കുന്നതാണ്.

**ഒപ്പ്**
**ഡോ. രാജു.വി.ആർ**
**അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്)**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്

ഉദ്യോഗാർത്ഥികൾ

പകർപ്പ്:

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ (ആരോഗ്യം)
(ഓരോ ഉദ്യോഗാർത്ഥികളുടെയും തിരിച്ചറിയൽ രേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടിയാളെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിന് വിധേയമായി മറ്റൊരു സ്ഥാപനത്തിൽ നിയമിക്കേണ്ടതാണ്.)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ബന്ധപ്പെട്ട മെഡിക്കൽ ആഫീസർമാർ (ടിയാന്റെ സേവന വിവരങ്ങൾ ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ സ്പാർക്ക് സംവിധാനത്തിൽ രേഖപ്പെടുത്തുന്നതിനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്)
4. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

0657413

GOVERNMENT OF KERALA